**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4359** **09-08-2021 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലയിലെ കർഷകരുടെ റവന്യൂ രേഖ തിരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോര മേഖലയിലെ ചില പ്രദേശങ്ങളിലെ നാമമാത്ര കർഷകരുടെ ഭൂമി, തോട്ടം പുരയിടം എന്ന് രേഖകളിൽ ഉൾപ്പെട്ടിരിക്കുന്നത് മൂലം ഭവനനിർമ്മാണത്തിനും ക്രയവിക്രയത്തിനും വസ്തുവിന്മേൽ വായ്പയെടുക്കുന്നതിനും തടസ്സമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ; | (എ) | ഭൂപരിഷ്കരണ നിയമത്തിലെ 81(1) വകുപ്പ് പ്രകാരം ഒഴിവ് അനുവദിച്ച ഭൂമികളിൽ കെട്ടിട പെർമിറ്റ്, വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ തുടങ്ങിയവ ലഭിക്കുന്നതിന് തടസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമം ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും അതു പ്രകാരം റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി കൊണ്ടും കരട് സർക്കുലർ തയ്യാറാക്കി നിയമപരമായ സാംഗത്യം പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് അയച്ച് കൊടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ? | (ബി) | ഭൂപരിഷ്കരണ നിയമത്തിലെ 81(1) വകുപ്പ് പ്രകാരം ഒഴിവ് അനുവദിച്ച ഭൂമികളിൽ കെട്ടിട പെർമിറ്റ്, വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ തുടങ്ങിയവ ലഭിക്കുന്നതിന് തടസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമം ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും അതു പ്രകാരം റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി കൊണ്ടും കരട് സർക്കുലർ തയ്യാറാക്കി നിയമപരമായ സാംഗത്യം പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് അയച്ച് കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ